**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 672.** **01-11-2011 - ൽ മറുപടിയ്ക്ക്**

## പ്രാദേശിക ജലാശയങ്ങളുടെ വികസനവും പരിപാലനവും

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.സി.പി.മുഹമ്മദ്**<br>**ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ.അൻവർ സാദത്ത്**<br>**ശ്രീ.പി.സി.വിഷ്ണുനാഥ്** | **ശ്രീ.പി.ജെ.ജോസഫ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| **(എ)** പ്രാദേശിക ജലാശയങ്ങളുടെ വികസനവും പരിപാലനവും സംബന്ധിച്ച് ആസൂത്രണം ചെയ്തിട്ടുള്ള കർമ്മപദ്ധതികൾ എന്തെല്ലാമാണ് ; | **(എ)** പ്രാദേശിക ജലാശയങ്ങളുടെ വികസനത്തിനും പരിപാലനത്തിനുമായി സംസ്ഥാനത്തെ കുളങ്ങളും ടാങ്കുകളും നവീകരിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത കുളങ്ങളും ടാങ്കുകളും പുനർനിർമ്മിച്ച് പൂർവ്വ സ്ഥിതിയിലാക്കുന്നതിനും ഇവയുടെ സംഭരണശേഷി ഉയർത്താനും, ഇവയിലേയ്ക്ക് വരുന്ന ചാലുകളുടെയും, ഇവയിൽ നിന്ന് ബഹിർഗമിക്കുന്ന ജലം ആയക്കെട്ടിൽ എത്തിക്കുന്ന ചാലുകളുടെയും നവീകരണവും നടപ്പിലാക്കാൻ വേണ്ടിയുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. |
| **(ബി)** ജലാശയങ്ങളുടെ സർവ്വേ സംബന്ധിച്ച ജോലികളുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് അറിയിക്കുമോ ; | **(ബി)** സംസ്ഥാനത്തുള്ള ജലാശയങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനും അവയുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള സർവ്വേ, പ്രാരംഭദശയിലാണ്. |
| **(സി)** ജലാശയങ്ങളുടെ വികസനത്തിനു വേണ്ടിയുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | **(സി)** പ്രാദേശിക ജലാശയങ്ങളുടെ വികസനവും പരിപാലനവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കർമ്മപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

(തുടർച്ച . . . . . )

1. 13-ാം ധനകാര്യ കമ്മീഷനിൽ കുളങ്ങളുടെയും, ടാങ്കുകളുടെയും നവീകരണത്തിനായി നീക്കിവച്ചിരിക്കുന്ന 50 കോടി രൂപയുടെ പദ്ധതിയിൽ ഉൾപ്പെടുത്തി അടുത്ത നാല് സാമ്പത്തിക വർഷങ്ങളിൽ 11 ജില്ലകളിലെ കുളങ്ങളുടെ നവീകരണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുക.

2. സംസ്ഥാനത്തിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി മുൻഗണനാടിസ്ഥാനത്തിൽ ജില്ലകൾ തോറുമുള്ള കുളങ്ങളുടെയും ടാങ്കുകളുടെയും നവീകരണം നടപ്പിലാക്കുക.

3. 12-ാം പഞ്ചവത്സര പദ്ധതിയിൻ കീഴിൽ കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന RRR of Ponds (റെനോവേഷൻ, റിസ്റ്റോറേഷൻ, റിപ്പെയർ ഓഫ് പോണ്ട്സ്)-ൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ ഗൈഡ്ലൈൻസിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ പ്രാദേശിക ജലാശയങ്ങളുടെയും വികസനവും പരിപാലനവും നടപ്പിലാക്കുക.

| | |
|---|---|
| **(ഡി)** എല്ലാ പാരമ്പര്യ ജലസ്രോതസ്സുകളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ? | **(ഡി)** നിലവിലുള്ള രൂപരേഖയ്ക്ക് (ഗൈഡ് ലൈൻസ്) അനുസൃതമായി എലിജിബിൾ ആയിട്ടുള്ള എല്ലാ പാരമ്പര്യ ജലസ്രോതസ്സുകളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**